പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

19.06.2023

## ഭക്ഷണ പാനീയ നിർമ്മാണ വിതരണ കേന്ദ്രങ്ങളിൽ കൃത്യമായ പരിശോധനകൾ നടത്തണം

**– ബാലാവകാശ കമ്മീഷൻ**

സംസ്ഥാനത്ത് മിഠായി അടക്കമുള്ള ഭക്ഷ്യവസ്തുക്കൾ ശീതള പാനീയങ്ങൾ, പാകം ചെയ്യുന്നതും വിതരണം നടത്തുന്നതുമായ മുഴുവൻ സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്താൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇത്തരം സ്ഥാപനങ്ങളിൽ ശുചിത്വം പാലിക്കുകയും ഉപയോഗിക്കുന്നതും ഉൽപാദിപ്പിക്കു ന്നതുമായ സാധനങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുകയും വേണം. ബഹുവർണ്ണ കടലാസുകളിലും, പ്ലാസ്റ്റിക് പായ്ക്കറ്റുകളിലും പൊതിഞ്ഞ് വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം, നിർമ്മാണ കമ്പനിയുടെ വിലാസം, കാലാവധി സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടു ത്തണം. അതിന് വിമുഖത കാണിക്കുന്ന നിർമ്മാണ കമ്പനികൾക്കെതിരെയും വിതരണവും, വിൽപ്പനയും നടത്തുന്നവർക്കെതിരെയും നിയമ നടപടിസ്വീകരിക്കണം. ലൈസൻസ് ഇല്ലാതെ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ശീതളപാനീയ വിതരണ കേന്ദ്രങ്ങൾ, കഫേകൾ എന്നിവ പ്രവർത്തിക്കു ന്നില്ലെന്നും മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരും ആരോഗ്യകാർ ഡുകൾ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താനും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകി. കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ, അംഗം ശ്യാമളാദേവി പി.പി. എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിന്റെതാണ് ഉത്തരവ്. കാസർഗോഡ് ഷവർമ്മ കഴിച്ച് വിദ്യാർത്ഥിനി മരിച്ചു, മിഠായിപൊതിയിൽ മധുരച്ചതി എന്നീ മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയായിരുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് 30 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കാനും നിർദ്ദേശം നൽകി.

പബ്ളിക് റിലേഷൻസ് ഓഫീസർ